**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4751** **19-03-2025 - ൽ മറുപടിയ്ക്ക്**

**ബാക്ക് യാർഡ് സീഡ് പ്രൊഡക്ഷൻ യൂണിറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കരിമീൻ, വരാൽ തുടങ്ങിയ തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന് കർഷകരുമായി ചേർന്ന് നടപ്പാക്കിയ ബാക്ക് യാർഡ് സീഡ് പ്രൊഡക്ഷൻ യൂണിറ്റ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2023-24 സാമ്പത്തിക വർഷം 278 പുതിയ കരിമീൻ, വരാൽ മത്സ്യ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുകയും 591 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തു. ഇതിൽ നിന്നും 104.93 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 235 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുകയും 472 യൂണിറ്റുകൾക്ക് തുടർ സഹായം നൽകുകയും ചെയ്തു. ഈ യൂണിറ്റുകളിൽ നിന്നും 111.73 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ 2023-24 വർഷത്തിൽ എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | 2023-24 വർഷത്തിൽ 104.93 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | മത്സ്യവിത്തുകൾ (എണ്ണം ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 14.076 |
| 2 | കൊല്ലം | 22.40 |
| 3 | പത്തനംതിട്ട | 1.127 |
| 4 | ആലപ്പുഴ | 17.907 |
| 5 | കോട്ടയം | 8.6658 |
| 6 | എറണാകുളം | 28.52 |
| 7 | തൃശ്ശൂർ | 4.464 |
| 8 | മലപ്പുറം | 1.435 |
| 9 | കോഴിക്കോട് | 2.50 |
| 10 | വയനാട് | 1.76 |
| 11 | കണ്ണൂർ | 0.70 |
| 12 | കാസർഗോഡ് | 1.375 |

| | | | | |
|---|---|---|---|---|
| | | | **ആകെ** | 104.93 |
| (സി) | ഇത്തരം മത്സ്യക്കുഞ്ഞ് ഉല്പാദനം നടത്തുന്ന കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | "പിന്നാമ്പുറങ്ങളിലെ മത്സ്യ വിത്തുല്പാദന യൂണിറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും മുൻവർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾക്ക് തുടർ സഹായവും നൽകി വരുന്നു. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ ചെലവ് വരും. പുതിയ യൂണിറ്റുകൾക്ക് ആദ്യ വർഷം ആകെ ചെലവിന്റെ 40% ആയ ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ സബ്സിഡി ആയി ലഭിക്കും. മുൻവർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾക്ക് പ്രവർത്തന ചെലവിന്റെ 20% ആദ്യ വർഷവും (16800/-രൂപ കരിമീൻ യൂണിറ്റുകൾക്കും 16000/-രൂപ വരാൽ യൂണിറ്റുകൾക്കും) 10% രണ്ടാം വർഷവും (8400/- രൂപ കരിമീൻ യൂണിറ്റുകൾക്കും 8000/- രൂപ വരാൽ യൂണിറ്റുകൾക്കും) ധനസഹായമായി നൽകുന്നു.<br><br>ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കാവശ്യമായ വിത്തുകൾ ടി കർഷകരിൽ നിന്നും ലഭ്യമാക്കുന്നത് വഴി കർഷകർക്ക് ഒരു വരുമാന ദായക സംരംഭം ആയി ഇതിനെ നിലനിർത്തുവാനും സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപകമാക്കുന്നതിനും കഴിയുന്നു. |

സെക്ഷൻ ഓഫീസർ